LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഹംസ : സർ, ഹരിതകേരളം-ദേവാരണ്യം പദ്ധതി വളരെ മാതൃകാപരമായിട്ടുള്ള പദ്ധതിയാണ്. കേരള സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആരാധകരെ ആകർഷിക്കുന്ന ഒരു കേന്ദ്രമായ ശബരിമലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒട്ടേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പരിസ്ഥിതി കമ്മിറ്റി അംഗങ്ങൾ എന്ന നിലയ്ക്ക് ഞങ്ങൾ മൂന്ന് തവണ ശബരിമലയിലും പമ്പയിലും സന്നിധാനത്തും പോയി. അവിടെ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വളരെയധികം അതിശയിപ്പിക്കുന്നതാണ്.

മി. സ്പീക്കർ : 3 തവണ തുടർച്ചയായി പോയോ? അപ്പോൾ ഗുരുസ്വാമിയായി.

ശ്രീ. എം. ഹംസ : ശബരിമല മാസ്റ്റർ പ്ലാൻ അടിയന്തിരമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, നമ്മുടെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശബരിമലയിൽ സന്ദർശനം നടത്തി കുറെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിച്ചു. ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. അതിന് രൂപീകൃതമായ ഉന്നതാധികാര കമ്മിറ്റി ഈ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഗവൺമെന്റും ബോർഡും ആലോചിച്ച് ഈ കാര്യങ്ങളിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസുകാർക്ക് ഹെൽത്ത് കാർഡ്

2(*182) ശ്രീ. എം. എം. മോനായി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർക്ക് ഹെൽത്ത് കാർഡ് നൽകാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത് ; സംസ്ഥാനത്തൊട്ടാകെ ഇത് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ പദ്ധതി പ്രകാരം പോലീസുകാർക്ക് ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആരോഗ്യ വകുപ്പ് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ,

(എ) പോലീസുകാർക്ക് ഹെൽത്ത് കാർഡ് എന്നൊരു പദ്ധതി ആരംഭിച്ചിട്ടില്ല. എന്നാൽ പോലീസ് ഫയർ സർവ്വീസസ്, എക്സൈസ് ജീവനക്കാർക്ക് ജോലിയുടെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾ, അപകടങ്ങൾ എന്നിവയെ തുടർന്ന് ചികിത്സയ്ക്കും മറ്റു സഹായങ്ങൾക്കുമായി ഒരു നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി-ഇ) ബാധകമല്ല.

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, പോലീസ് സേനാംഗങ്ങളെ സംബന്ധിച്ച് കായികക്ഷമത പ്രധാനപ്പെട്ട ഒന്നാണ്. അതിനാൽ പോലീസുകാരുടെ ആരോഗ്യ സംരക്ഷണത്തിനും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കായികക്ഷമത ഉണ്ടാകേണ്ടുന്ന ഒരു വിഭാഗമാണ് പോലീസ് സേന. അതുകൊണ്ടുതന്നെ അവരുടെ ട്രെയിനിംഗിലും ദിവസേനയുള്ള പരിശീലനത്തിലുമൊക്കെ അതിനുള്ള സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി: സർ, പോലീസ് സേനാംഗങ്ങളുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് യഥാസമയം ലഭിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കിട്ടുന്നതിനുവേണ്ടി കാലതാമസമുണ്ടാകുന്നുണ്ടെന്നുള്ള ഒരു പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് വേഗം തന്നെ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് സർക്കാർ നിർദ്ദേശം കൊടുത്തിട്ടുള്ളത്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സൈനികരേയും അവരുടെ ബന്ധുക്കളേയുമൊക്കെ ചികിത്സിക്കുന്നതിന് സൈനിക ആശുപത്രി ഉള്ളതുപോലെ അർദ്ധ സൈനിക വിഭാഗമായ പോലീസുകാർക്ക് വേണ്ടിയും ഒരു ആശുപത്രി തുടങ്ങുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ; എങ്കിൽ തൃശൂർ പോലീസ് അക്കാഡമി വക സ്ഥലത്ത് അത് ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മിലിറ്ററിയിലും മറ്റ് കേന്ദ്ര സൈന്യത്തിലുമൊക്കെയുള്ള അംഗങ്ങൾക്കുള്ള സൗകര്യങ്ങൾ ഇന്ന് പോലീസുകാർക്കില്ല എന്നതൊരു വസ്തുതയാണ്. ചെറിയ രീതിയിൽ, ഡിസ്പെൻസറി മോഡലിലുള്ള ചില കേന്ദ്രങ്ങളാണ് ഇന്ന് ബറ്റാലിയനുകളോടനുബന്ധിച്ചുള്ള ചില സ്ഥലത്ത് ആരംഭിച്ചിട്ടുള്ളത്. പോലീസുകാർക്ക് ഇത്തരത്തിൽ പ്രത്യേക സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി സംസ്ഥാനത്ത് ഉണ്ടാകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. പുതിയ നിധി രൂപീകരിക്കുന്ന സന്ദർഭത്തിൽ അത് സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കൂടുതൽ സമയം. ചിലപ്പോൾ 24 മണിക്കൂറും ജോലി ചെയ്യേണ്ടി വരുന്നവരാണ് പോലീസുകാർ. 8 മണിക്കൂർ ജോലി എന്നുള്ളത് അവരെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ക്ലിപ്തപ്പെടുത്തപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ഈ ജോലിഭാരം അവരിൽ വല്ലാത്ത മാനസിക പിരിമുറുക്കമുണ്ടാക്കാനും അവരുടെ ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കാതെ ചില പ്രശ്നങ്ങളുണ്ടാക്കുന്നതിനും ഇടവരുത്താറുണ്ട്. അത്തരം വിഷയങ്ങൾ ഡിപ്പാർട്ടുമെന്റ് കൃത്യമായി പരിശോധിച്ചിട്ടുണ്ടോ ? ഈ ഒരു പോരായ്മ പരിഹരിക്കാനാവശ്യമായിട്ടുള്ള എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മറ്റ് എല്ലാ ജോലികളിൽ നിന്നും വ്യത്യസ്തവും 24 മണിക്കൂറും ജോലി ചെയ്യാൻ ബാധ്യതയുമുള്ള ഒരു വിഭാഗമാണ് പോലീസുകാർ. പക്ഷേ അത് മനുഷ്യസാദ്ധ്യമല്ല എന്നതുകൊണ്ട് ഒരു ക്രമീകരണം പോലീസിനകത്തുതന്നെ ഉണ്ടാക്കിയിട്ടുണ്ട്. 8 മണിക്കൂർ ഡ്യൂട്ടി പോലീസ് സംവിധാനത്തിൽ ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സംസ്ഥാനത്തെ 51 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സിസ്റ്റം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. അത് കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിഗണിക്കുന്നതാണ്.

ശ്രീ. സാജു പോൾ : സർ, അർഹമായ പ്രൊമോഷനും ആനുകൂല്യങ്ങളുമൊക്കെ പോലീസ് സേനാംഗങ്ങൾക്ക് ലഭ്യമാക്കിയ സർക്കാരാണിത്. ആരോഗ്യ രംഗത്തെ കേരളീയരുടെ പൊതുവായ മുന്നേറ്റത്തിനനുസൃതമായി പോലീസ് സേനാംഗങ്ങളും ആരോഗ്യമുള്ള ഒരു വിഭാഗമാണ്. പക്ഷേ മറ്റ് വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി ഉന്നത പോലീസുദ്യോഗസ്ഥന്മാർക്ക് താൽപ്പര്യമില്ലാത്തവരെ പണിഷ്മെന്റ് റോൾ, ഓറൽ എൻക്വയറി എന്നെല്ലാം പറഞ്ഞ് പീഡിപ്പിക്കുന്നതിനുള്ള ഒട്ടേറെ അവസരങ്ങളുണ്ട്. അത് ആ നിലയിൽ നിലനിൽക്കുന്നുമുണ്ട്. പോലീസിലെ ആർക്കെങ്കിലുമെതിരെ പരാതിപ്പെട്ടാൽ നടപടികളൊന്നും സ്വീകരിക്കാറുമില്ല. പോലീസ് സേനാംഗങ്ങളുടെ മാനസികമായ ശേഷിക്കുറവിന് ഒരു പ്രധാന പ്രശ്നം അവർ താമസിക്കുന്ന ജീർണ്ണാവസ്ഥയിലായ ക്വാർട്ടേഴ്സുകളാണ്. നാട് വിറപ്പിച്ചു നടക്കുന്ന ഈ പോലീസുകാർ താമസിക്കുന്ന ക്വാർട്ടേഴ്സുകൾ കണ്ടാൽ നമ്മൾ അമ്പരന്നുപോകും. ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ നൽകിക്കൊണ്ടും അനാവശ്യ ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടും പോലീസ് സേനാംഗങ്ങളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോലീസിൽ ഉള്ള ശിക്ഷണ നടപടിയും മറ്റ് കാര്യങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. അത് സംബന്ധിച്ച് ആക്ഷേപമുള്ള ആളുകൾക്ക് ആക്ഷേപങ്ങൾ നൽകുന്നതിനു വേണ്ടി ഒരു കംപ്ലയിന്റ് അതോറിറ്റി ഗവൺമെന്റ് രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പോലീസുകാരുടെ ക്വാർട്ടേഴ്സിന്റെ പ്രശ്നവും സജീവമായ ഒരു പ്രശ്നമാണ്.

കൂടുതൽപേർക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചുവരികയാണ്. പോലീസുകാരുടെ തന്നെ ഹൗസിംഗ് സൊസൈറ്റി ഇത് സംബന്ധിച്ച് ഒരു പദ്ധതി തയ്യാറാക്കി കൂടുതൽപേർക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, കായിക പരിശീലനം ആരോഗ്യത്തിന്റെ ഒരുഭാഗമെന്ന നിലയിൽ നമ്മുടെ സംസ്ഥാനത്തെ പോലീസ് വിഭാഗത്തിന് കായിക പരിശീലനം നൽകുന്നതോടൊപ്പം നീന്തലിലും പരിശീലനം നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസ് സേനയിലേക്കുള്ള പുതിയ റിക്രൂട്ടീസിന് വളരെ ആധുനികമായ പരിശീലനങ്ങളാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. നീന്തൽ പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്. അതിൽ അവർ വിജയിക്കേണ്ടതായിട്ടുണ്ട്. അത് സംബന്ധിച്ചാണ് ഈ അടുത്ത ദിവസം നീന്തൽ പരിശീലനം നടത്താൻവേണ്ടി വേറെ ആളെ വിട്ട് പരിശീലിപ്പിച്ചു എന്ന റിപ്പോർട്ട് വരുന്ന സ്ഥിതിവിശേഷമുണ്ടായത്. എല്ലാ പോലീസുകാർക്കും നീന്തൽ പരിശീലനം നിർബന്ധമാക്കിക്കൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. അക്കാഡമിയിൽ അതിനുള്ള സൗകര്യം ഇപ്പോൾ ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഏതൊരു വ്യക്തിയുടെയും ആരോഗ്യത്തിന്റെ പ്രധാന ഘടകം അവൻ പണിയെടുക്കുന്ന പണിസ്ഥലുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ പോലീസുകാർക്ക് പോലീസ് സ്റ്റേഷനുകൾ നല്ല രീതിയിൽ പ്രവർത്തിക്കേണ്ടത് അത്യാവശ്യമായ ഒരു കാര്യമാണ്. എന്റെ മണ്ഡലത്തിലെ പാവറട്ടി പോലീസ് സ്റ്റേഷൻ വളരെ മോശപ്പെട്ട ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അത് അടിയന്തിരമായി പുതുക്കി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പല പോലീസ് സ്റ്റേഷനുകളുടെയും സ്ഥിതി വളരെ ദയനീയമാണ്. അവിടെ ആവശ്യത്തിനുള്ള സംവിധാനങ്ങളൊന്നുമില്ല. കെട്ടിടം വളരെ പഴയതാണ്. ഇതെല്ലാംതന്നെ ഘട്ടംഘട്ടമായി മാറ്റി ആധുനിക സൗകര്യത്തോടുകൂടിയുള്ള പോലീസ് സ്റ്റേഷനുകളാക്കി മാറ്റാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അത് ഓരോന്നായി ചെയ്തു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പാവറട്ടിയുടെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, പോലീസുകാർക്കെതിരെയുള്ള മനുഷ്യാവകാശ ലംഘനങ്ങൾ ഒരു വലിയ പ്രശ്നമാണ്. ബഹുമാന്യനായ ലീഡർ കെ. കരുണാകരന്റെ മരണത്തെതുടർന്ന് സംസ്ഥാന ഗവൺമെന്റ് 7 ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിക്കുകയും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയടക്കം അദ്ദേഹത്തിന്റെ മൃതശരീരത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്ന സമയത്ത് കാസർഗോഡ് ആംഡ് റിസർവ് പോലീസ് ക്യാമ്പിലെ അസിസ്റ്റന്റ് കമാൻഡന്റ് ജില്ലാ പോലീസ് സൂപ്രണ്ട് സംഭവസ്ഥലത്ത് വരാതെ

LIBRARY ARCHIVES Kerala Legislative Assembly

പോലീസുകാരെ പരേഡിൽ നിർബന്ധമായി അണിനിരത്തുകയും സഭ കൂടുകയും ചെയ്തു. എന്നുമാത്രമല്ല ആംഡ് റിസർവ് പോലീസ് ക്യാമ്പിൽ ദുഃഖാചരണമായി ദേശീയ പതാക പകുതി താഴ്ത്തി കെട്ടാനും അദ്ദേഹം സമ്മതിച്ചില്ല. ഈ ധിക്കാരപരമായ നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ചിട്ടുള്ള ഈ പ്രശ്നം പ്രത്യേകം പരിശോധിക്കുന്നതാണ്. അത്തരത്തിൽ എന്തെങ്കിലും സംഭവമുണ്ടായിട്ടുണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. എ. എം. ആരിഫ്: സർ, ഇവിടത്തെ ചർച്ച പോലീസുകാരുടെ ഹെൽത്ത് കാർഡിനെ സംബന്ധിച്ചാണ്. ശാരീരികാരോഗ്യം പോലെ പ്രാധാന്യമുള്ളതാണ് മാനസികാരോഗ്യവും. പ്രത്യേകിച്ച് വനിതാ പോലീസുകാർക്ക് അവരുടെ വീടിനോടടുത്തുള്ള സ്ഥലങ്ങളിൽ ജോലി ചെയ്താൽ മാത്രമാണ് കുറെക്കൂടി മാനസിക സ്വസ്ഥ്യത്തോടുകൂടി ജോലി ചെയ്യാൻ കഴിയുക. ഇക്കാര്യത്തിൽ അവർക്ക് പ്രത്യേകമായ പരിഗണന കൊടുത്ത് അവരുടെ വീടിനടുത്ത് ജോലി ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കുമോ; നിധി രൂപീകരിക്കുന്നതിൽനിന്നും നിലവിലുള്ള പോലീസുകാർക്ക് മാത്രമല്ല, റിട്ടയർ ചെയ്ത പോലീസുകാർക്കും അവരുടെ കുടുംബങ്ങൾക്കും കൂടി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വനിതാ പോലീസുകാരുടെ പ്രശ്നം ഒരു സജീവ പ്രശ്നം തന്നെയാണ്. മിക്ക സ്ഥലങ്ങളിലും വനിതാ പോലീസുകാർക്ക് ജില്ലയിൽ നിന്ന് പുറത്ത് നിയമനം കിട്ടുമ്പോൾ സ്വാഭാവികമായും ഇവരുടെ കുടുംബവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. അതുസംബന്ധിച്ച് കിട്ടിയ നിവേദനങ്ങളെല്ലാം ഗവൺമെന്റ് പരിശോധിച്ച് വനിതാ പോലീസുകാർക്ക് പ്രത്യേകമായ പരിഗണന നൽകി ഒരു ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കഴിയുന്നതും അതാത് ജില്ലകളിൽതന്നെ വനിതാപോലീസുകാർക്ക് ജോലി ചെയ്യാനുള്ള സൗകര്യമുണ്ടാക്കി കൊടുക്കണമെന്നാണ് സർക്കാർ പൊതുവിൽ കൊടുത്തിട്ടുള്ള നിർദ്ദേശം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, പോലീസ് സേനയിൽ ഏറ്റവുമധികം ആരോഗ്യപ്രശ്നം നേരിടുന്ന ഒരു വിഭാഗമാണ് ട്രാഫിക് വിഭാഗം. ഇവർ പൊടി ശ്വസിക്കുന്നതുമൂലം പലർക്കും ശ്വാസകോശ സംബന്ധമായ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. സാധാരണ ഗതിയിൽ അവരുടെ ജോലി സമയം 8 മണിക്കൂറാണെങ്കിലും പത്ത് മുതൽ പന്ത്രണ്ട് മണിക്കൂർവരെ പലപ്പോഴും ജോലി ചെയ്യുകയാണ്. അതുകൊണ്ട് ട്രാഫിക്ക് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന പോലീസുകാർക്ക് പ്രത്യേകമായി ആരോഗ്യ അലവൻസ് നൽകാനോ അല്ലെങ്കിൽ അവരുടെ ജോലിഭാരം മൂന്നോ നാലോ മണിക്കൂർ ആക്കി കുറയ്ക്കാനോ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ട്രാഫിക് പോലീസ് അനുഭവിക്കുന്ന പ്രശ്നങ്ങൾ പലതരത്തിലും അവരുടെ ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ തന്നെയാണ്. പക്ഷേ നമുക്ക് ട്രാഫിക് പോലീസ് സംവിധാനം വേണ്ടെന്ന് വയ്ക്കാനും സാധിക്കുകയില്ല. അതുകൊണ്ട് ട്രാഫിക് പോലീസിന് പ്രത്യേകമായി എന്തെല്ലാം സഹായങ്ങൾ ഗവൺമെന്റിന് ചെയ്യാൻ കഴിയുമെന്നുള്ള കാര്യം ആലോചിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ച തരത്തിലുള്ള എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പാട് ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ആരോഗ്യം എന്നുപറയുമ്പോൾ അതിനകത്ത് ഫിസിക്കൽ ഫിറ്റ്നസിനെക്കുറിച്ച് മാത്രമാണ് പലപ്പോഴും ചിന്തിക്കുന്നത്. അതുകൊണ്ടുതന്നെ മെന്റൽ ഹെൽത്തും പോലീസുകാർക്ക് ഉറപ്പാക്കേണ്ടത് വളരെ അനിവാര്യമാണ്. പലപ്പോഴും സ്ത്രീകൾ പരാതിക്കാരായി പോലീസ് സ്റ്റേഷനിൽ എത്തുമ്പോൾ, മെന്റലി ഫിറ്റല്ലാത്തതിന്റെ പ്രശ്നങ്ങൾ പലപ്പോഴും അവർ പ്രകടിപ്പിക്കാറുണ്ട്. ഈ ഫിസിക്കൽ ഫിറ്റ്നസിനൊടൊപ്പം മെന്റൽ ഹെൽത്ത് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മാനസികവും ശാരീരികവുമായിട്ടുള്ള കരുത്ത് പോലീസിന് അത്യന്താപേക്ഷിതമാണ്. മാനസിക സംഘർഷത്തിൽ പെടുന്ന സന്ദർഭത്തിൽ ആളുകൾ അവരെ സമീപിക്കുമ്പോൾ പെരുമാറ്റത്തിലൊക്കെ സ്വാഭാവികമായിട്ടും വ്യത്യാസങ്ങൾ ഉണ്ടായിയെന്നുവരും. ഈ കാര്യങ്ങളെല്ലാം പോലീസ് സേനയിൽത്തന്നെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയങ്ങളാണ്. മാനസികമായി അവർക്ക് അതിനെ നേരിടാനുള്ള കരുത്ത് നൽകത്തക്ക വിധത്തിലുള്ള ട്രെയിനിംഗാണ് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ നിയോജക മണ്ഡലത്തിൽ ഒരു സാധുകുടുംബത്തിൽപ്പെട്ട വനിത പോലീസുകാരി ട്രാഫിക് ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിൽ അവരുടെ ദേഹത്ത് ഒരു വണ്ടി ഇടിച്ചുകയറുകയും അവർ അപ്പോൾത്തന്നെ മരിക്കുകയും ചെയ്തു. തൊട്ടടുത്ത് നിന്നയാളും മരിച്ചു. ഇത്തരം ദാരുണമായ സ്ഥിതി വരുന്നതുകൊണ്ട് ഈ ഡ്യൂട്ടി ചെയ്യുന്നതിന് ആളുകൾക്ക് മാനസിക വിഷമമുണ്ടാകുകയാണ്. ഇവരുടെ കുടുംബത്തിന് ഗവൺമെന്റ് 5 ലക്ഷം രൂപ കൊടുത്തു. ഇവിടെ എന്റെ ചോദ്യം, സമാന സാഹചര്യങ്ങളുള്ള ചില കേസുകളിൽ 10 ലക്ഷം രൂപവരെ കൊടുക്കുമ്പോൾ ഈ സംസ്ഥാനത്തിനുവേണ്ടി ഡ്യൂട്ടി ചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിൽ ഉണ്ടായ അപകടമരണത്തെത്തുടർന്ന് അവരുടെ ആശ്രിതർക്ക് ഗവൺമെന്റ് കുറച്ചുകൂടി ആനുകൂല്യം നൽകുന്നതിനെക്കുറിച്ചും ആ കുടുംബത്തിന് ആശ്രിതനിയമനത്തിലൂടെ ലഭിക്കാൻ സാധ്യതയുള്ള ജോലി അടിയന്തിരമായി കൊടുക്കാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതുസംബന്ധിച്ച് ഉചിതമായിട്ടുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ കുടുംബത്തിന് സഹായമെന്നുള്ള നിലയിൽ 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ആശ്രിത ജോലിയിൽ പ്രയോറിറ്റി മറികടന്നുകൊണ്ട് ജോലി കൊടുക്കാനുള്ള നടപടിയും സ്വീകരിക്കാം. അതുസംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിന് വിരോധമില്ല. ഓരോ കേസും പരിശോധിച്ചു കൊണ്ടാണ് ഇപ്പോൾ സർക്കാർ ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് ഈ ഫണ്ട് കൊടുക്കുന്നത്. അതുകൊണ്ട് ആ സിസ്റ്റം മാറ്റി ഒരു പ്രത്യേക നിധി രൂപീകരിച്ചുകൊണ്ട് ഇത്തരം കേസുകൾക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, പോലീസുകാരുടെ കായികവും മാനസികവുമായ ഉന്മേഷം വളർത്താൻ ഏറ്റവും സഹായകരമാണ് യോഗ തെറാപ്പി. ആയതിനാൽ പോലീസുകാർക്ക് യോഗ ക്ലാസ് ആരംഭിക്കാനും ഹെൽത്ത് കാർഡിന്റെ പരിധിയിൽ അവരുടെ കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്താനും സാധിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസുകാർക്കുള്ള ട്രെയിനിംഗിന്റെ ഭാഗമായി ഇപ്പോൾ യോഗ പരിശീലിപ്പിക്കുന്നുണ്ട്. അതോടൊപ്പം ഹെൽത്ത് കാർഡിന്റെ കാര്യം ഇപ്പോൾ തീരുമാനമെടുത്തിട്ടില്ല. പൊതുവിൽ തീരുമാനിക്കുന്ന സന്ദർഭത്തിൽ അത് ആലോചിക്കാവുന്നതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഈ കസ്റ്റഡിൻ കണ്ടപ്പോൾ പോലീസിൽ എന്തെങ്കിലും ആരോഗ്യ പ്രശ്നമുണ്ടോ എന്നൊരു സംശയം എനിക്ക് തോന്നിയിട്ടുണ്ട്. എന്റെ അനുഭവത്തിൽ പോലീസിന് അങ്ങനെയൊരു ആരോഗ്യ പ്രശ്നമുള്ളതായി ഞാൻ കണ്ടിട്ടില്ല. ഞാൻ പലപ്പോഴും പോലീസുമായി നേരിട്ടിട്ടുള്ള ഒരാളാണ്. ഇത്രയേറെ കായിക ബലമുള്ള ആൾക്കാർ ലോകത്തൊരിടത്തും ഇല്ലാത്ത സ്ഥിതിയിലാണ് കേരള പോലീസിന്റെ ആരോഗ്യ സ്ഥിതി. അത് കുറെക്കാലം ഞാൻ അനുഭവിച്ചിട്ടുള്ളതാണ്. പോലീസിന് ഇങ്ങനെ വെറുതെ പൈസ ചെലവാക്കേണ്ട കാര്യമുണ്ടോ ; എന്തെങ്കിലും കാര്യമായ ആരോഗ്യ പ്രശ്നം പോലീസ് വകുപ്പിന്റെ മുമ്പിൽ ഈ കഴിഞ്ഞ 5 വർഷമായി വന്നിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. വാഹീദിനെ പോലെ നല്ല കായിക ശേഷിയുള്ള ആളുകൾ എം.എൽ.എ.-മാരുടെ കൂട്ടത്തിലുണ്ട്. അദ്ദേഹം കായികശേഷിയുള്ള പോലീസുകാരെ ചിലപ്പോൾ സമീപിച്ചിട്ടുണ്ടാകാം. പക്ഷേ എല്ലാ പോലീസുകാരും ഒരുപോലെ കായിക ശേഷിയുള്ളവരല്ല. എല്ലാ എം.എൽ.എ.-മാർക്കും ശ്രീ. വാഹീദിനെപ്പോലെ കായികശേഷിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ആരോഗ്യം ഉള്ളവരും ഇല്ലാത്തവരും എല്ലാ ഗണത്തിലും ഉൾപ്പെടുന്നുണ്ട്. പോലീസുകാർ പൊതുവിൽ കായികശേഷിയുള്ളവരായിരിക്കണം എന്നതുകൊണ്ടാണ് ഈ കാര്യം പ്രത്യേകം പരിഗണിക്കണമെന്നുള്ള നിർദ്ദേശം ഉയർന്നു വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, പോലീസും ജനങ്ങളുമായി വളരെയേറെ ഇഴുകിച്ചേർന്നുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ രണ്ടാമത്തെ പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനത്തിന് പതിനായിരക്കണക്കിനാളുകളാണ് എത്തിയത്. ഇവിടെ പോലീസിന്റെ കായികക്ഷമതയാണ് വിഷയം. എന്റെ മണ്ഡലത്തിലെ എ.ആർ ക്യാമ്പിൽ ഒരു നീന്തൽക്കുളം പണിയാൻവേണ്ടി എല്ലാ തീരുമാനവുമെടുത്തിട്ടുണ്ട്. പൂർണ്ണമായ മനുഷ്യാധ്വാനം പോലീസുകാർ കൊടുക്കും. വെട്ടുകല്ല് അവിടെത്തന്നെ വെട്ടിയെടുക്കാനുണ്ട്. ആവശ്യമായ സഹായമാണ് വേണ്ടത്. അതുകൊണ്ട് ശ്രീ. കോടിയേരിയുടെ ഈ പ്രവർത്തന കാലഘട്ടത്തിൽത്തന്നെ അത് പൂർത്തീകരിച്ചുതന്നാൽ നീന്തൽ അവിടെ പൂർണ്ണമായി പഠിപ്പിച്ചുകൊടുക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കെ.എ.പി. ഫോർത്ത് മാങ്ങാട്ട്പറമ്പ് ബറ്റാലിയനിലെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം സി. കെ. പി. പത്മനാഭൻ ഉദ്ദേശിച്ചത് എന്ന് തോന്നുന്നു. അവിടെ മാതൃകാപരമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യാദ്ധ്വാനം ഉപയോഗിച്ചുകൊണ്ട് നിരവധി മാതൃകാപരമായ പദ്ധതികൾ മാങ്ങാട്ട്പറമ്പ് ബറ്റാലിയൻ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ നീന്തൽകുളത്തിന്റെ പണിപൂർത്തിയാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിച്ച് ആവശ്യമായത് ചെയ്യുന്നതാണ്.

ശ്രീ. എം. ഉമ്മർ : സർ, പോലീസുകാരെ പോലെ തന്നെ കാര്യക്ഷമതയോടെ പ്രത്യേകിച്ച് ട്രാഫിക്കിൽ വളരെ കാര്യക്ഷമമായി ജോലി ചെയ്യുന്ന ആളുകളാണ് ഹോം ഗാർഡ്സ്. പോലീസുകാർക്ക് നൽകുന്ന ചികിത്സാ സഹായം ഹോം ഗാർഡുകൾക്കു കൂടി നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഹോം ഗാർഡുകൾ ഇപ്പോൾ സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നത്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ ഭാഗമായി എക്സ്-മിലിറ്ററിക്കാരാണ് ഹോം ഗാർഡുകളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സ്ഥിരം ജീവനക്കാരായിട്ടല്ല അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അവർക്ക് എന്തൊക്കെ സഹായങ്ങൾ ചെയ്യാൻ സാധിക്കുമെന്നുള്ളത് സർക്കാർ പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീമതി ജെ. അരുന്ധതി : സർ, ട്രാഫിക് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളും പുരുഷന്മാരുമായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ കൂടുതൽ സമയം ഡ്യൂട്ടി നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ മൊബൈൽ സ്കാഡ് വഴി ചെറിയ ബോട്ടിലുകളിൽ അവർക്ക് കുടിവെള്ളമെത്തിക്കാനായിട്ടുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഈ നിർദ്ദേശം പ്രായോഗികമാക്കാൻ സാധിക്കുമോ എന്നുള്ള കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ബാലരാമപുരത്ത് പത്ത് ദിവസത്തിന് മുമ്പ് നടന്ന ഒരു സംഭവമാണ്. അവിടത്തെ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ അർദ്ധരാത്രിയിൽ വാഹനം പരിശോധിക്കുന്നതിനിടെ ഒരു വാഹനം കയറി മരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിച്ചിരുന്നു. മരണടഞ്ഞ ഉദ്യോഗസ്ഥന്റെ കുടുംബത്തിന് സാമ്പത്തികമായി എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ; എന്റെ പ്രധാന ചോദ്യം, രാത്രിയിൽ റോഡിന്റെ മധ്യഭാഗത്ത് നിന്ന് വാഹനങ്ങൾ കൺട്രോൾ ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനെ എതിരെ വരുന്ന വാഹനത്തിന്റെ ലൈറ്റ് കാരണം പലപ്പോഴും വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്ക് കാണാൻ കഴിയുന്നില്ല. അതിനാൽ രാത്രിയിൽ വാഹന പരിശോധന നടത്തുന്നതും ട്രാഫിക് നിയന്ത്രിക്കുന്നതുമായ മുഴുവൻ പോലീസ് ഉദ്യോഗസ്ഥന്മാർക്കും റിഫ്ളക്ട് ചെയ്യുന്ന തരത്തിലുള്ള യൂണിഫോം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, രാത്രികാലത്തെ ഡ്യൂട്ടിയിൽ നിൽക്കുന്ന പോലീസുകാർ പലപ്പോഴും പലവിധ അപകടങ്ങൾക്കും വിധേയമാകേണ്ടി വരുന്നുണ്ട്. ബാലരാമപുരത്തുണ്ടായ സംഭവം പ്രത്യേകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ കുടുംബത്തിന് സാമ്പത്തിക സഹായം കൊടുക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

ശ്രീ. മാത്യു ടി. തോമസ് : സർ, ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാർക്ക് പോലീസ് ക്ലബ്ബിൽ ലഭ്യമായിട്ടുള്ള റിക്രിയേഷൻ സൗകര്യങ്ങൾ കോൺസ്റ്റബിൾ, ഹെഡ്കോൺസ്റ്റബിൾ, എസ്ഐ-മാർ തുടങ്ങി താഴെത്തട്ടിലെ പോലീസുകാർക്കു കൂടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; ഇവരുടെ മാനസിക ഉല്ലാസത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങൾ പരിമിതമാണെന്നുമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സാധാരണ പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ഇത്തരം സൗകര്യങ്ങൾ കുറവാണ്. ഒന്നോ-രണ്ടോ പോലീസ് സ്റ്റേഷനുകളിൽ ഇത്തരം ക്ലബ്ബുകൾ മാതൃകാപരമായി പ്രവർത്തിക്കുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. സ്ഥല സൗകര്യം ലഭ്യമാകുന്ന പോലീസ് സ്റ്റേഷനോടനുബന്ധിച്ച് ഇത്തരം സെന്ററുകൾ രൂപീകരിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, കായിക മേഖലയിൽ ഒരുപാട് സംഭാവനകൾ നൽകിയിട്ടുള്ള വിഭാഗമാണ് കേരളത്തിലെ പോലീസ് സേന. എന്നാൽ കഴിഞ്ഞ കുറച്ചു കാലങ്ങളായി ഫുട്ട് ബോൾ ടീം ഉൾപ്പെടെയുള്ള പോലീസിന്റെ ടീം അത്ര ശക്തമായിട്ടല്ല പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ പോലീസ് സേനയുടെ കീഴിലുണ്ടായിരുന്ന ഫുഡ് ബോൾ ടീം ഉൾപ്പെടെ പുതിയതായി വോളി ബോൾ ടീം, കായിക മേഖലയിൽ ശക്തമായി പോലീസുകാരുടെ ഇടപെടലുണ്ടാകുന്ന തരത്തിൽ മറ്റ് ടീമുകളേയും ഉണ്ടാക്കാൻ വേണ്ടി പോലീസ് ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോലീസിൽ സ്പോർട്സ് കാട്ടയിലുള്ള നിയമനങ്ങൾ വളരെ കാലമായിട്ട് നിർത്തിവച്ചിരിക്കുകയായിരുന്നു. അതിപ്പോൾ പുനരാരംഭിച്ചിരിക്കുകയാണ്. ഈ വർഷം 64 പേരെ റിക്രൂട്ട് ചെയ്യാനുള്ള നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷത്തേക്ക് 100 പേരെകൂടി സ്പോർട്സ് കാട്ടയിൽ റിക്രൂട്ട് ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം. കെ. പ്രേംനാഥ്: സർ, യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളുമില്ലാത്ത ചോമ്പാല പോലീസ് സ്റ്റേഷനുവേണ്ടി അവിടെ പഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ സ്വന്തം കെട്ടിടമുണ്ടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ച ചോമ്പാല പോലീസ് സ്റ്റേഷൻ താല്ക്കാലികമായൊരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്ഥലം ലഭ്യമാകുന്ന മുറക്ക് അവിടെ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, തലസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായ തമ്പാനൂരിൽ റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റേഷനിലുമായി പതിനായിരക്കണക്കിന് ജനങ്ങൾ ദിവസവും വന്നുപോകുന്നുണ്ട്. അവിടെ സ്വന്തമായൊരു പോലീസ് സ്റ്റേഷനില്ല. ട്രിവാൻഡ്രം ഡവലപ്മെന്റ് അതോറിറ്റിയുടെ ഒരു നല്ല കെട്ടിടം പോലീസ് ഉദ്യോഗസ്ഥന്മാരും സ്ഥലം എം.എൽ.എ. എന്ന നിലയിൽ ഞാനുംകൂടിപോയി പരിശോധിക്കുകയും അത് വാങ്ങുന്നതിനുവേണ്ടി തീരുമാനിക്കുകയും ചെയ്തതനുസരിച്ച് ട്രിവാൻഡ്രം ഡവലപ്മെന്റ് അതോറിറ്റിക്ക് ഏതാണ്ട് 50 ലക്ഷം രൂപ പോലീസ് ഡിപ്പാർട്ടുമെന്റ് കൈമാറുകയും ചെയ്തു. ഈ സ്ഥലം ട്രിഡയുടേതാണെന്നും ട്രിഡയുടെ സ്ഥലം ഏറ്റെടുക്കാൻ പോലീസിനുള്ള അധികാരമെന്താണെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റ് ചോദിച്ചതിനാൽ സ്ഥലമെടുപ്പ് അനിശ്ചിതത്വത്തിൽ നിൽക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് റവന്യൂ, പോലീസ് എന്നീ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും മറ്റ് ബന്ധപ്പെട്ടവരുടേയും യോഗം വിളിച്ചുകൂട്ടി ഒരു തീരുമാനമെടുത്താൽ അടുത്ത മാസം തന്നെ പുതിയ ആസ്ഥാനത്തേക്ക് ആ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മാറ്റാൻ കഴിയും. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തമ്പാനൂർ പോലീസ് സ്റ്റേഷന്റെ ഇപ്പോഴത്തെ സ്ഥിതി വളരെ ശോചനീയമാണ്. ആവശ്യത്തിന് ഒരു സൗകര്യവും ഇല്ലാത്ത വിധത്തിൽ വീർപ്പുമുട്ടുകയാണ്. ആ സ്ഥലം നമുക്ക് ലഭ്യമാകാനിടയില്ല. റെയിൽവേ അതുസംബന്ധിച്ച് തടസ്സം സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ടാണ് തിരുവനന്തപുരം ഡവലപ്മെന്റ് അതോറിറ്റിയുടെ സ്ഥലം ലഭ്യമാക്കുന്ന നടപടിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ റവന്യൂ ഡിപ്പാർട്ടുമെന്റുമായി ചേർന്നുകൊണ്ട് അത് പരിഹരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു: സർ, എന്റെ നിയോജക മണ്ഡലത്തിലെ നൂറനാട്, പന്തളം പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർക്ക് ഇരിക്കാൻ സ്ഥലസൗകര്യമില്ല. വരുന്നവർക്ക് ഇരിക്കാനുള്ള സ്ഥലമില്ല, നിൽക്കാനുള്ള സ്ഥലമില്ല, പോലീസുകാർക്ക് വിശ്രമിക്കാൻ സ്ഥലമില്ല. അതിനാൽ ഈ പോലീസ് സ്റ്റേഷനുകൾതന്നെ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണ്. അതുകൊണ്ട് പോലീസ് സ്റ്റേഷനുകളുടെ സൗകര്യം വർദ്ധിപ്പിച്ചുകൊണ്ട് പോലീസുകാരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ നേരത്തെ പറയുകയുണ്ടായി, നിലവിലുള്ള പോലീസ് സ്റ്റേഷനുകളുടെ സൗകര്യങ്ങൾ ഇന്ന് വളരെ പരിമിതമാണ്. ഇനി നിർമ്മിക്കുന്ന പോലീസ് സ്റ്റേഷനുകളിൽ പോലീസുകാർക്ക് മാനസികവും ശാരീരികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായകരമായ വിധത്തിലുള്ള എല്ലാവിധ സംവിധാനവും ലഭ്യമാകും.

ശ്രീമതി കെ. എസ്. സലീഖ: സർ, പോലീസ് സ്റ്റേഷന്റെ അപാകതകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇതിൽ ഏറ്റവും പ്രയാസം അനുഭവിക്കുന്നത് വനിതാ പോലീസുകാരാണ്. ടോയിലറ്റ് സൗകര്യമില്ലാതെ റിട്ടേണിംഗ് റൂമില്ലാതെ പ്രയാസപ്പെടുന്ന സ്ഥിതി കേരളത്തിൽ വ്യാപകമായി കാണുകയാണ്. ഇതിന് അടിയന്തിര പരിഹാരം കാണുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുൻപ് വനിതാ പോലീസ് എന്ന സംവിധാനമില്ലാത്ത കാലത്താണ് പഴയ പോലീസ് സ്റ്റേഷനുകളൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. വനിതാ പോലീസുകാർക്ക് റസ്റ്റ് റൂം ഉൾപ്പെടെയുള്ള സൗകര്യങ്ങളെല്ലാം ലഭ്യമാക്കിക്കൊണ്ടാണ് പുതുതായിട്ട് സ്റ്റേഷനുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് പോലീസുകാരുടെ കുറവ്മൂലം വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഹോം ഗാർഡിന്റെ സഹായം പ്രത്യേകിച്ച് രാവിലേയും വൈകുന്നേരവും സ്കൂൾ കുട്ടികൾക്കും മറ്റും സഹായകരമായതിനാൽ കൂടുതൽ ഹോം ഗാർഡുകളെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസുകാരുടെ കുറവ് നമ്മുടെ സംസ്ഥാനം നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഓരോ വർഷവും സംസ്ഥാന പോലീസിൽ നാലായിരത്തോളം ഒഴിവുകൾ കിടക്കുകയായിരുന്നു. ആ സംവിധാനത്തിന് പരിഹാരം കണ്ടുകൊണ്ട് കേരള പോലീസ് സീനോ വേക്കൻസി ഉള്ള ഒരു ഡിപ്പാർട്ടുമെന്റാക്കി മാറ്റാൻ സർക്കാർ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അതുകൊണ്ട് എല്ലാ നിയമനങ്ങളും പോലീസിൽ നടത്താനുള്ള ക്രമീകരണങ്ങളായി. ഇതോടൊപ്പം ഒരു ഐ.ആർ. ബറ്റാലിയൻ സംസ്ഥാനത്ത് പുതുതായിട്ട് ആരംഭിക്കുകയാണ്. അതിന്റെ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. അടുത്തമാസം അത് ഉദ്ഘാടനം ചെയ്തു പ്രവർത്തനം ആരംഭിക്കും. ഹോം ഗാർഡുകളായി ഇപ്പോൾ 3000 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. സ്ഥിതിഗതികൾ പരിശോധിച്ചുകൊണ്ട് ആവശ്യമാണെങ്കിൽ കൂടുതൽപേരെ നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.